## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 2, വ്യാഴം

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം

*121. പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.എം.എ.ബേബി
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം ഏറ്റവും ഒടുവിൽ നടത്തിയത് എന്നാണ് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പദ്ധതി നടത്തിപ്പ് കാലാവധി നീട്ടിക്കൊടുത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) ഈ സർക്കാരധികാരമേറ്റശേഷം പല പരിഷ്കാരങ്ങൾ നടത്തിയിട്ടും പദ്ധതി നടത്തിപ്പിൽ കാലതാമസമുണ്ടാകുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുത്തി വരുത്തിയ പരിഷ്കാരങ്ങൾ പുന:പരിശോധിക്കാൻ തയ്യാറാകുമോ ?

റബ്ബർ സംഭരണം

*122. ശ്രീ.ഇ.പി.ജയരാജൻ
,, കെ.കെ.ജയചന്ദ്രൻ
,, കെ.സുരേഷ് കുറുപ്പ്
,, സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ സംഭരണ നടപടികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) സംഭരണ പദ്ധതികളുടെ പ്രഖ്യാപിത ലക്ഷ്യം നേടാനായോയെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(സി) സർക്കാരിന്റെ നിലവിലുള്ള സംഭരണ നടപടികളിലൂടെ റബ്ബർ വില എത്രത്തോളം പിടിച്ചു നിർത്താൻ കഴിയുമെന്ന് അറിയിക്കുമോ ;

(ഡി) റബ്ബർ സംഭരണ പദ്ധതികൾക്കായി ഈ സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കാമോ?

## മിഷൻ **676 -** ലെ പദ്ധതികൾ

T *123. ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 - ൽ എത്ര പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവയിൽ നാളിതുവരെ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) സമയബന്ധിതമായി പൂർത്തീകരിക്കേണ്ട പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്?

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

## പാഠപുസ്തകങ്ങളുടെ അച്ചടി

*124. ശ്രീ.ജോസ് തെറ്റയിൽ

ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.മാത്യു റ്റി.തോമസ്

,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അച്ചടിശാലകളിൽ ഈ അദ്ധ്യയന വർഷത്തേക്കുള്ള എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാൻ ലഭ്യമായിട്ടുള്ളത് ;

(ബി) പാഠപുസ്തകങ്ങളുടെ അച്ചടിക്കായിട്ടുള്ള ഉത്തരവ് എന്നാണ് നൽകിയതെന്നും അച്ചടിയുടെ പുരോഗതി എന്തെന്നും വ്യക്തമാക്കാമോ;

## കാർഷികോൽപന്നങ്ങളുടെ വിലത്തകർച്ച

*125. ശ്രീ.എളമരം കരീം

,, കോടിയേരി ബാലകൃഷ്ണൻ

,, വി.ചെന്താമരാക്ഷൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കാർഷികോത്പന്നങ്ങൾക്കാണ് വിലയിടവ് നേരിടുന്നത് വ്യക്തമാക്കുമോ;

(ബി) ഇവയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് കൂടുതൽ ആഘാതം ചെലുത്തുന്നവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) വിലയിടിവ് തടയുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട്;

(ഡി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമാണോ; എങ്കിൽ വിശദമാക്കാമോ?

<u>കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ്</u>

*126. ശ്രീ.സി.മമ്മൂട്ടി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.എം.ഷാജി

,, എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ അലംഭാവം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദവിവരം നല്കാമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് നേരിട്ടു നല്കുന്നത് നിർത്തലാക്കി സംസ്ഥാനസർക്കാർ മുഖാന്തിരം പണം നല്കുന്ന വിധത്തിൽ പരിഷ്കാരം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) കേന്ദ്ര ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമവും സമയബന്ധിതവുമാണെന്ന കാര്യം ഉറപ്പു വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്</u>

*127. ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.പി.ടി.എ. റഹീം

,, സി.കെ സദാശിവൻ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വിശദാംശം നൽകാമോ ;

(ബി) നിലവിൽ എന്ത് നിരക്കിലാണ് അനാഥാലയങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചിരുന്നതെന്ന് അറിയിക്കാമോ ;

(സി) കുടിശ്ശിക തീർക്കാനും വർദ്ധിപ്പിച്ച നിരക്കിലുള്ള ഗ്രാന്റിന്റെ വിതരണം നടത്താനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അനന്തര നപടി സ്വീകരിക്കുമോ ?

## തെരുവുനായ ശല്യം.

*128. ശ്രീ.കെ.എൻ.എ.ഖാദർ

,, പി.കെ.ബഷീർ

,, എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവു നായ ശല്യം അനുദിനം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിനായി ആക്ഷൻ പ്ലാൻ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) വീടുകളിൽ നിന്നും തട്ടുകടകളുൾപ്പെടെയുള്ള ഭക്ഷ്യ വിപണന കേന്ദ്രങ്ങളിൽ നിന്നുമുള്ള ഭക്ഷണാവശിഷ്ടങ്ങളുടെ ലഭ്യത തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലും വർദ്ധിച്ചതാണ് തെരുവു നായ്ക്കളുടെ എണ്ണത്തിലുണ്ടാവുന്ന വർദ്ധനയ്ക്ക് കാരണമെന്നത് പരിശോധിച്ച് ചിട്ടിട്ടുണ്ടോ;

(സി) തെരുവു നായ നിയന്ത്രണവും ഭക്ഷണാവശിഷ്ടങ്ങളുടെ കാര്യക്ഷമമായ നിർമ്മാർജ്ജനവും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുമോ?

## അധികാര വികേന്ദ്രീകരണം

*129. ശ്രീ.കെ.കെ.നാരായണൻ

,, എ.കെ.ബാലൻ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണം നടത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക-ആസൂത്രണ മേഖലകളിൽ എന്തെല്ലാം അധികാരങ്ങളാണ് വികേന്ദ്രീകരിച്ചിട്ടുള്ളത് ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തിയ മാറ്റം അധികാര വികേന്ദ്രീകരണത്തിനു സഹായിച്ചിട്ടുണ്ടോ ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കാമോ ;

(ഡി) താഴെത്തട്ടിലേക്ക് അധികാര വികേന്ദ്രീകരണം നടത്തുന്നത് സംബന്ധിച്ചുള്ള നിലപാട്

വ്യക്തമാക്കുമോ ?

<u>തരിശ് നിലം കൃഷിയോഗ്യമാക്കാൻ പദ്ധതി</u>

*130. ശ്രീ.കെ.അച്ചുതൻ

,, ഹൈബി ഈഡൻ

,, വി.പി.സജീന്ദ്രൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

<u>പ്രവാസി മലയാളികളുടെ പുനരധിവാസം</u>

*131. ശ്രീ.റ്റി.യു. കുരുവിള

,, സി.എഫ്.തോമസ്

,, മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുദ്ധഭൂമിയിൽ ഉൾപ്പെടെ ജോലി ചെയ്ത പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(ബി) മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിന് കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

<u>കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതി</u>

*132. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, വി.എം.ഉമ്മർ മാസ്റ്റർ

,, സി.മോയിൻ കുട്ടി

,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്ക് പകരം കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതികളാണ് അഭികാമ്യമെന്ന് ഗ്രീൻ ട്രിബ്യൂണൽ നിലപാടെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ചെറു മാലിന്യ നിർമ്മാർജ്ജന പദ്ധതികളെ അത് എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) മാലിന്യ സംഭരണം, തരംതിരിക്കൽ, സംസ്കരണം, ഉപോല്പന്ന നിർമ്മാണം എന്നിവ വ്യവസായമായി പരിഗണിച്ച് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>സച്ചാർ കമ്മീഷൻ റിപ്പോർട്ട് - മദ്രസകൾക്ക് കേന്ദ്ര ഗ്രാന്റ്</u>

*133. ശ്രീ.എൻ. ഷംസുദ്ദീൻ

,, എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ

,, പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി പ്രകാരം സംസ്ഥാനത്തെ മദ്രസകൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റ് തടയപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓഡിറ്റർ ജനറലിന്റെ ഒബ്ജക്ഷൻ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം നല്കാമോ ;

(സി) മറ്റു സംസ്ഥാനങ്ങളിലെ മദ്രസകൾക്ക് ഇത്തരം ഗ്രാന്റ് നല്കുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്തെ മദ്രസകൾക്കും ഗ്രാന്റ് ലഭ്യമാക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>പാർട്ണർ കേരള മിഷൻ പദ്ധതി</u>

*134. ശ്രീ.ജെയിംസ് മാത്യു

,, പി.കെ.ഗുരുദാസൻ

,, എം. ഹംസ

,, എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ണർ കേരള മിഷൻ പദ്ധതിയിൻ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികളെല്ലാം പൊതു - സ്വകാര്യ പങ്കാളിത്തത്തോടെയാണോ നടപ്പാക്കുന്നത് ;

(സി) പദ്ധതി ഭൂമി സ്വകാര്യ പങ്കാളി കൈവശം വയ്ക്കുന്നതിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെല്ലാം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ മാത്രമേ നടപ്പാക്കുവെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ ?

<u>നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം</u>

*135. ശ്രീ.പുരുഷൻ കടലുണ്ടി

,, എ.കെ.ബാലൻ

പ്രൊഫ. സി.രവീന്ദ്രനാഥ്

**ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പ് എത്രത്തോളം തൃപ്തികരമാണ് ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തിന് സാമ്പത്തിക പ്രതിസന്ധി ബാധിച്ചിട്ടുണ്ടോ ;

(സി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ കൊണ്ടുവന്ന പരിഷ്കാരങ്ങളും നടപടികളും എന്തൊക്കെയാണെന്നറിയിക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പ് ഫലപ്രാപ്തിയിലെത്തിക്കാൻ ഇവ സഹായകരമായില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉല്പാദനമേഖലയുടെ ഉന്നമനത്തിനു നടപടി</u>

*136. ശ്രീ.എ.എം. ആരിഫ്

**,,** ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ ഉല്പാദന മേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകാതെയുള്ള മാർഗ്ഗനിർദ്ദേശവും ഈ മേഖലയ്ക്ക് അനുവദിച്ച തുക തന്നെ ചെലവാക്കപ്പെടാത്തതുമായ സ്ഥിതിവിശേഷവും ഗ്രാമീണ മേഖലയെ ഏതു തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉല്പാദനമേഖലയുടെ തളർച്ച ഗ്രാമങ്ങളിലെ വരുമാനത്തെയും തദ്വാര വാങ്ങൽശേഷിയേയും തളർത്താൻ ഇടനൽകിയെന്ന കാര്യം സർക്കാരിനറിയാമോ ;

(സി) ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിന് പകരം ഉല്പാദനോപാധിയായ കൃഷി ഭൂമി കച്ചവടവൽക്കരിക്കുന്ന നിലയിലേക്ക് എത്തിച്ച ഈ പരിഷ്കാരം മാറ്റാൻ തയ്യാറാകുമോ ;

(ഡി) ഉല്പാദനവും ഉല്പാദനക്ഷമതയും തൊഴിലവസരവും വരുമാനവും വർദ്ധിപ്പിച്ച് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന തദ്ദേശസ്ഥാപനങ്ങളുടെ സുപ്രധാന ദൗത്യം അട്ടിമറിക്കപ്പെടാതെ നോക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

<u>കർഷക ആത്മഹത്യകൾ</u>

*137. ശ്രീ.ഇ.കെ.വിജയൻ

**,,** സി.ദിവാകരൻ

**,,** കെ.അജിത്

**,,** ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര കർഷക ആത്മഹത്യകളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്ക് നൽകിയ സമാശ്വാസ സഹായങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ;

(സി) കർഷക ആത്മഹത്യകൾ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

അർബൻ **2020** പദ്ധതി

*138. ശ്രീ.ടി.എൻ. പ്രതാപൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ 2020 പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) നഗരങ്ങളുടെ മുഖച്ഛായ മാറ്റാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

ചക്കയുടെ ശേഖരണ സംസ്കരണ വിപണന രംഗത്തെ പദ്ധതികൾ

*139. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, സി.മോയിൻ കുട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി

,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൽപ്പാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളിൽ പ്രധാനമായ ചക്കയുടെ ശേഖരണ സംസ്കരണ വിപണന രംഗത്ത് കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും എന്തൊക്കെ സഹായങ്ങളാണ് ഇതിനായി നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രതിവർഷ ശരാശരി ചക്ക ഉൽപാദനത്തെയും ഉപയോഗത്തെയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പ്രാദേശിക ഭക്ഷ്യ വിഭവമെന്നതിലുപരി, മൂല്യ വർദ്ധിത ഉൽപന്നങ്ങൾക്കുള്ള വിഭവമെന്ന നിലയിൽ ഇതിന് പ്രാധാന്യം നൽകി ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കുമോ ?

ബില്ലിംഗ് സിസ്റ്റം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ **.**

*140. ശ്രീ.പി.കെ.ഗുരുദാസൻ

,, ബി.ഡി. ദേവസ്സി

,, സി.കൃഷ്ണൻ

,, പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ലിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുസൃതമായ ഫണ്ട് വിനിയോഗം ഉറപ്പാക്കുമെന്ന് 2013-14 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ;

(സി) ബില്ലിംഗ് സിസ്റ്റം ഇതിന് അനുസരിച്ചുള്ളതാണോ ;

(ഡി) പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ് ട്രഷറി നിയന്ത്രണങ്ങൾക്ക് വിധേയമാക്കുന്നതും അവയെ ഇതര സർക്കാർ വകുപ്പുകളെപ്പോലെ ആക്കുന്നതും അവയുടെ സ്വയംഭരണ പദവിയെ എങ്ങനെയാണ് ബാധിക്കുന്നത് ; ഇതിന് ഒരു മാറ്റം വരുത്താൻ തയ്യാറാകുമോ?

<u>കാർഷിക രംഗത്തെ നൂതന സംരംഭങ്ങൾ</u>

*141. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, എസ്.ശർമ്മ

,, രാജു എബ്രഹാം

ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് സംസ്കരണത്തിനും മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് മൂലം പ്രയാസം അനുഭവിക്കുന്ന കർഷകർക്ക് ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാകുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) പൊതുമേഖലയിൽ ഇത്തരത്തിലുള്ള സംരംഭങ്ങൾ ഏതൊക്കെയാണ് ; അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; അവ എത്രത്തോളം തൃപ്തികരമാണ്?

<u>ശുചിത്വമിഷന്റെ പ്രവർത്തനം</u>

*142. ശ്രീ.എസ്.രാജേന്ദ്രൻ

,, കെ.സുരേഷ് കുറുപ്പ്

,, ബി.സത്യൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷൻ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം നൽകാമോ ;

(ബി) സംസ്ഥാനത്തിന്റെ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണോ ശുചിത്വമിഷൻ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ പല കോർപ്പറേഷനുകളും നടപ്പാക്കിവരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുമായി ശുചിത്വ മിഷൻ സഹകരിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനം നേരിടുന്ന മാലിന്യപ്രശ്നത്തിന് ശുചിത്വ മിഷന്റെ പ്രവർത്തനഫലമായി നാളിതുവരെ എന്തെങ്കിലും പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ബാല പീഡനം ഒഴിവാക്കാൻ ജാഗ്രതാ സമിതികൾ</u>

*143. ശ്രീ.പി.എ.മാധവൻ

,, അൻവർ സാദത്ത്

,, കെ.മുരളീധരൻ

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ബാല പീഡനം ഒഴിവാക്കുന്നതിന് പ്രസ്തുത സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇതുസംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

<u>കേരസമൃദ്ധി പദ്ധതി</u>

*144. ശ്രീ.സണ്ണി ജോസഫ്

,, എ.റ്റി.ജോർജ്

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരസമൃദ്ധി എന്ന പദ്ധതിയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) നാളികേര വികസനത്തിനും കേര സുഭിക്ഷതയ്ക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങളിൽ കുടുംബശ്രീയ്ക്ക് പങ്കാളിത്തം</u>

*145. ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.സി.ദിവാകരൻ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.കെ.രാജു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങളിൽ കുടുംബശ്രീക്ക് കൂടുതൽ ചുമതലകൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം പുതിയ ചുമതലകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കുടുംബശ്രീ നൽകുന്ന സേവനങ്ങളുടെ പ്രതിഫല നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഗ്രാമപഞ്ചായത്തുകളിൽ സേവാഗ്രാം ഫെസിലിറ്റേറ്റർമാരായി എത്ര പേർ പ്രവർത്തിക്കുന്നുണ്ട് ; ഇവരുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം

*146. ശ്രീ.വി.ചെന്താമരാക്ഷൻ

,, കെ. ദാസൻ

,, എസ്.രാജേന്ദ്രൻ

,, ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കേണ്ട കെട്ടിട നികുതിയിൽ കുറവ് വരുത്തിയതുകൊണ്ട് അവയുടെ വരുമാനം കുറഞ്ഞതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് കെട്ടിടനികുതിയിൽ മുൻനിശ്ചയിച്ച പ്രകാരം ലഭിക്കുമായിരുന്ന വരവിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെട്ടിട നികുതിയിൽ കുറവ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

## തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ്

*147. ശ്രീ.പി.സി വിഷ്ണുനാഥ്

,, പാലോട് രവി

,, എ.പി.അബ്ദുള്ളക്കുട്ടി

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) തൊഴിലാളികൾക്ക് അക്കൗണ്ട് ഉള്ള ബാങ്കുകളിലേക്ക് വേതനം നേരിട്ട് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

*148. ശ്രീ.എം.ചന്ദ്രൻ

,, എളമരം കരീം

,, ജി.സുധാകരൻ

ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനവിഹിതം കൂടി അടങ്ങുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലുള്ള ഘടനയിൽ കേന്ദ്രസർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ ;

(ബി) നിലവിൽ സംസ്ഥാന വിഹിതം കൂടി അടങ്ങുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(സി) ഇവയിൽ സംസ്ഥാന വിഹിതത്തിന്റെ കൃത്യമായ നീക്കിയിരുപ്പ് നടത്താത്തതുമൂലം അവതാളത്തിലായ പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ ;

(ഡി) കേന്ദ്രസർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രസ്തുത സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിലെ ജൈവകൃഷി

*149. ശ്രീ.വി.പി.സജീന്ദ്രൻ

,, എ.റ്റി.ജോർജ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഇതിനായി പ്രസ്തുത ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത ഫാമുകളിൽ ജൈവ വളങ്ങളും ജൈവ കീടനാശിനികളും മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ

വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ത്രിതല പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റിംഗ്

*150. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം നടത്തി, കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണം, ആനുകൂല്യങ്ങളുടെ വിതരണം എന്നിവ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ്, പദ്ധതിനിർവ്വഹണം സംബന്ധിച്ച ബുക്ക് ലെറ്റ് ഗ്രാമസഭയിൽ സമർപ്പിക്കൽ, സർപ്രൈസ് ഇൻസ്പെക്ഷൻ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.